# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2010 ജൂലൈ 12

## സൗരോർജ്ജ താരിഫ് : കരട് വിജ്ഞാപനത്തിന്മേൽ അഭിപ്രായങ്ങൾ ക്ഷണിച്ചു

സംസ്ഥാനത്തെ വൈദ്യുതി വിതരണ ലൈസൻസികൾ റൂഫ് ടോപ് / ചെറുകിട സൗരോർജ്ജ ഉല്പാദകരിൽ നിന്ന് വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്നതിലേക്കുള്ള താരിഫ് നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള കരട് വിജ്ഞാപനത്തിന്മേൽ, മേഖലയുമായി ബന്ധപ്പെട്ടവരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചു. വിജ്ഞാപനം www.erckerala.org എന്ന കമ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സൗരോർജ്ജ ഉല്പാദനവും ഉപഭോഗവും വ്യാപകമാക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ രൂപം നല്കിയിട്ടുള്ള ജവഹർലാൽ നെഹ്റു നാഷണൽ സോളാർമിഷന്റെ ലക്ഷ്യങ്ങളുടെ ഭാഗമായിട്ടാണ് കമ്മിഷന്റെ നടപടി. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ആക്ഷൻ പ്ളാനിലെ പ്രധാന ഇനമെന്ന നിലയിലാണ് കേന്ദ്ര സർക്കാർ മിഷന് രൂപം നൽകിയിട്ടുള്ളത്. 2022 ൽ അവസാനിക്കുന്ന മൂന്നു ഘട്ടങ്ങളിലായി നടപ്പാക്കുന്ന പദ്ധതിയുടെ ലക്ഷ്യം രാജ്യത്തെ സൗരോർജ്ജ ഉല്പാദനം 20,000 മെഗാവാട്ടായി ഉയർത്തുക എന്നതാണ്. ഇതിന്റെ ഭാഗമായി 11-ാം പഞ്ചവത്സര പദ്ധതിയിൽ അവശേഷിക്കുന്ന കാലഘട്ടത്തിൽ സംസ്ഥാനത്തെ സൗരോർജ്ജ ഉല്പാദനം ആകെ ഉല്പാദനത്തിന്റെ 0.25% ആയി ഉയർത്തുകയാണ് ലക്ഷ്യം. 2022ൽ അവസാനിക്കുന്ന 13-ാം പഞ്ചവത്സര പദ്ധതിയിൽ ഇത് ആകെ ഉല്പാദനത്തിന്റെ മൂന്നു ശതമാനമായി ഉയർത്താനാണ് പരിപാടി. സൗരോർജ്ജ ഉല്പാദനം ഉയരുന്നതനുസരിച്ച് അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്ന പരമ്പരാഗത വൈദ്യുതോല്പാദന സംവിധാനങ്ങളും ഡീസൽ ജനറേറ്ററുകളും നിരുത്സാഹപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇത് സാദ്ധ്യമാക്കാൻ സൗരോർജ്ജ വിതരണം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

കരട് താരിഫ് വിജ്ഞാപനത്തിന്മേൽ 2010 ജൂലൈ 20 വൈകിട്ട് അഞ്ചു മണി വരെ താല്പര്യമുള്ളവർക്ക് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻ പിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കാം. ജൂലൈ 21ന് കമ്മിഷൻ ഓഫിസിൽ നടത്തുന്ന ഹിയറിംഗിൽ നേരിട്ടും അഭിപ്രായങ്ങൾ സമർപ്പിക്കാൻ അവസരമുണ്ടാകും.

സെക്രട്ടറി

KSERC/PR/09/2010